# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2708** **13.10.2021** ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഇ-ഗ്രാന്റും**

| | ചോദ്യം<br><br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | മറുപടി<br>കെ.രാധാകൃഷ്ണൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ,പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി -പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി, ഇ-ഗ്രാന്റ് എന്നിവയെക്കുറിച്ച് വിശദീകരിക്കാമോ; | എ) | **ദുരിതാശ്വാസ നിധി**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായവും ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് 2,00,000/- വരെ ധനസഹായവും അനുവദിക്കുന്നുണ്ട്. കൂടാതെ തീപ്പിടുത്തം മൂലം വീട് നഷ്ടപ്പെടുകയും പ്രകൃതി ക്ഷോഭം മൂലം വസ്തു വകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്കും ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗം മൂലമോ അപകടം മൂലമോ മരണപ്പെട്ട കുടുംബങ്ങൾക്ക് 2,00,000/-രൂപ ധനസഹായം അനുവദിക്കുന്നു. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ അടിയന്തര ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് ചികിത്സാ സഹായം അനുവദിച്ചുവരുന്നു.<br>**ഇ-ഗ്രാന്റ്സ് പദ്ധതി**<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള വെബ്പോർട്ടൽ ആണ് ഇ-ഗ്രാന്റ്സ്. വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഒറ്റ പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത് |

| | | | |
|---|---|---|---|
| ബി) | ഇവയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | ബി) | ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ **അനുബന്ധം 1 ആയി** ചേർത്തിരിക്കുന്നു.<br>ഇ-ഗ്രാന്റ്സ് പദ്ധതിയുടെ മാനദണ്ഡങ്ങൾ **അനുബന്ധം 2 ആയി** ചേർത്തിരിക്കുന്നു. |
| സി) | മുൻ സർക്കാരിന്റെ കാലത്ത് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി, ഇ-ഗ്രാന്റ് എന്നിവയുടെ ആനുകൂല്യ ഇനത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇവയുടെ പഞ്ചായത്ത്, ബ്ലോക്ക് തല വിശദാംശം പട്ടികപ്പെടുത്തി ലഭ്യമാക്കാമോ? | സി) | **ദുരിതാശ്വാസ നിധി**<br>പട്ടികജാതി വികസന വകുപ്പിൽ നിന്നും മുൻ സർക്കാരിന്റെ കാലത്ത് വകുപ്പ്മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **55,67,500/-രൂപ** (അമ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്.<br>വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർക്ക് ടി കാലഘട്ടത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല<br><br>**ഇ-ഗ്രാന്റ്സ്**<br>ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ജില്ലാതലത്തിലുള്ള സ്ഥാപനങ്ങളും, ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്ഥാപനത്തിനും വിതരണം ചെയ്ത തുകയുടെ വിവരങ്ങളാണ് ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിന്നും ലഭ്യമാകുന്നത്.<br>പട്ടികജാതി വിഭാഗക്കാർക്ക് ഇ-ഗ്രാന്റ്സ് മുഖേന നൽകുന്ന പ്രീ-മെട്രിക് വിദ്യാഭ്യാസ ആനുകൂല്യമായി വടക്കാഞ്ചേരി ബ്ലോക്ക് മുഖേന 64,76,450/-രൂപയും പുഴയ്ക്കൽ ബ്ലോക്ക് മുഖേന 2,26,15,025/-രൂപയും ഉൾപ്പെടെ ആകെ **2,90,91,475/-രൂപ** (രണ്ട് കോടി തൊണ്ണൂറ് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി നാനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും മുൻ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ തെക്കുകര ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഇ-ഗ്രാന്റ്സ് ആനുകൂല്യമായി 5356/-രൂപ (അയ്യായിരത്തി മുന്നൂറ്റി അൻപത്തി ആറ് രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം 1

### ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

**പട്ടികജാതി വിഭാഗം**

മാരക രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/-രൂപയിൽ
(ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക്
ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ
ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ
ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി
മുഖാന്തിരം നൽകി വരുന്നുണ്ട്. ചികിത്സാ ധനസഹായത്തിനായി ടി-ഗ്രാന്റ്സ് മുഖേന
ഓൺലൈനായി അക്ഷയകേന്ദ്രം വഴി അപേക്ഷ നൽകേണ്ടതാണ്. കുടുംബത്തിലെ ഒരു ലക്ഷം
രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക്
പരമാവധി 2,00,000/-രൂപയും, തീപ്പിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം
വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/-രൂപ വരെയും ധനസഹായം നൽകുന്നുണ്ട്.

**പട്ടികവർഗ്ഗ വിഭാഗം**

- ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.
- ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.
- അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.
- ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു.
- മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് ചികിത്സാ സഹായം അനുവദിക്കുന്നു.
- പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ്മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## അനുബന്ധം 2

## ഇ-ഗ്രാന്റ്സ് പദ്ധതിയുടെ മാനദണ്ഡങ്ങൾ

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ പദ്ധതിയ്ക്ക് 2009 ജൂലൈ 2-ലെ സ.ഉ(പി)50/ 2009/പജപവവിവ പ്രകാരമാണ് ആനുകൂല്യം വിതരണം ചെയ്യുന്നത്. ടി ഉത്തരവ് പ്രകാരം അർഹതയുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ആനുകൂല്യം വിതരണം ചെയ്യുന്നു. സംസ്ഥാനത്തിനകത്ത് മെറിറ്റ്/റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മേൽ ഉത്തരവ് പ്രകാരം ഇ-ഗ്രാന്റ്സ് ആനുകൂല്യം ലഭിയ്ക്കുന്നു. സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾക്ക് വരുമാന പരിധി ബാധകമല്ല. പ്രീ-മെട്രിക് തലത്തിൽ എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടേയും ഡേറ്റ അതാത് സ്ഥാപന മേധാവികൾ സൈറ്റിൽ രേഖപ്പെടുത്തി അയയ്ക്കുകയും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർ ട്രഷറി മുഖേന കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ച് നൽകുകയും ചെയ്യുന്നു.

ഇ-ഗ്രാന്റ്സ് ആനുകൂല്യം ലഭ്യമാകുന്നതിനായി കോഴ്സിന് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥി ഇ-ഗ്രാന്റ്സ് വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥാപന മേധാവി ഇത് പരിശോധിച്ച് വകുപ്പിലേയ്ക്ക് ഓൺലൈൻ ആയി സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ഉറപ്പ് വരുത്തി വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു. നിലവിൽ സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും, IX, X ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായി സ്കോളർഷിപ്പും ഇ-ഗ്രാന്റ്സിലൂടെ വിതരണം ചെയ്യുന്നു.

24 [signature]

സെക്ഷൻ ഓഫീസർ.